# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5166 27/06/2019-ൽ മറുപടിക്ക്

### സ്വകാര്യ മേഖലയിലെ ലാബുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ലാബുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവയുടെ പ്രവർത്തനപുരോഗതി പരിശോധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) | ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള സംഘം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. കൂടാതെ നിലവിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും ലാബുകൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. |
| ബി) | ഇതിനായി എന്തെങ്കിലും സംവിധാനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ; | | |
| സി) | നിലവിൽ സ്വകാര്യ ലാബുകളുടെ അക്രഡിറ്റേഷൻ നൽകുന്നത് ഏത് ഏജൻസികളാണ്; സർക്കാർ ഇത്തരത്തിൽ സ്വകാര്യ ലാബുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നുണ്ടോ; വിശദവിവരം നൽകുമോ ? | സി) | ഇന്ത്യയിൽ സ്വകാര്യ ലാബുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നത് NABL ആണ് (National Accreditation Board for Testing and Calibration Laboratories). ഇത് കേന്ദ്രസർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ കീഴിൽ വരുന്ന സ്വതന്ത്ര ബോഡിയാണ് സർക്കാർ നിലവിൽ സ്വകാര്യ ലാബുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നില്ല |

സെക്ഷൻ ഓഫീസർ